# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ ജനസൗഹാർദ്ദമാക്കുന്നതിന് പദ്ധതി

8162 ശ്രീ. എം. പി. വിൻസെന്റ്
,, പി.സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

( എ ) വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ കൂടുതൽ ജനസൗഹാർദ്ദമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി ) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിച്ചത്; വിശദമാക്കുമോ;

(സി ) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതുമൂലം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി ) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത</u>

8163 ശ്രീ. അൻവർ സാദത്ത്
,, പാലോട് രവി
,, കെ. ശിവദാസൻ നായർ
,, എം.പി. വിൻസെന്റ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി പുതിയ മോട്ടോറുകളും പമ്പുകളും സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത്; വിശദാംശങ്ങൾ നൽകുമോ ;

(സി) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതുമൂലം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയുടെ മുടങ്ങിക്കിടന്ന പദ്ധതികൾ</u>

8164 ശ്രീ. കെ. അച്ചുതൻ
,, റ്റി.എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി.ഡി. സതീശൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതുമൂലം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ, പറമ്പിക്കുളം, ഷോളയാർ, തൂണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം</u>

8165 ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. ശശി

" ചിറ്റയം ഗോപകുമാർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മുല്ലപ്പെരിയാർ, പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഡാമുകളുടെ ഉടമസ്ഥാവകാശം നിക്ഷിപ്തമായിട്ടുള്ളത് ആർക്കാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഡാമുകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്; ഇതിനായുള്ള ചെലവുകൾക്ക് എന്തെങ്കിലും അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധമായി അയൽ സംസ്ഥാനത്തിന് ഏതെങ്കിലും തരത്തിലുള്ള ബാധ്യതകൾ കൊടുത്തു തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ ഡാം - മേൽനോട്ട സമിതി</u>

8166 ശ്രീ. സി. ദിവാകരൻ
,, വി.എസ്. സുനിൽ കുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. പി. തിലോത്തമൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച് ഒരു മേൽനോട്ട സമിതി രൂപീകരിച്ച് വിജ്ഞാപനമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേൽനോട്ട സമിതിയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സമിതിയുടെ ചെലവുകൾ വഹിക്കുന്നതിനും ഡാമിന്റെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനുമുള്ള ചുമതല ആരിലാണ് നിക്ഷിപ്തമായിട്ടുള്ളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഡാമുകളുടെ നിരീക്ഷണത്തിനായി സി.സി.റ്റി.വി. സംവിധാനം

8167 ശ്രീ. കെ.കെ. നാരായണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ നിരീക്ഷണത്തിനായി സി.സി.റ്റി.വി. സംവിധാനം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഡാം പരിശോധനക്കായി സംസ്ഥാനത്തെത്തിയ തമിഴ്നാട് സംഘം

8168 ശ്രീ. പി. തിലോത്തമൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഡാമുകളുടെ സുരക്ഷാപ്രശ്നങ്ങൾ പഠിക്കുന്നതിന്റെ പേരിൽ സംസ്ഥാന സർക്കാരിന്റെ അനുമതിയോ അറിവോ ഇല്ലാതെ തമിഴ്നാട് സംഘം കേരളത്തിലെത്തി സുഖവാസ കേന്ദ്രങ്ങളിൽ താമസിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) തമിഴ്നാട്സംഘം ചേർത്തലയിൽ എത്തിയതും റിസോർട്ടിൽ തങ്ങിയതും സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുവേണ്ട ഒത്താശകൾ ചെയ്ത ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു എന്ന് അറിയിക്കുമോ; ഇവർക്കെതിരെ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എന്ത് നടപടി സ്വീകരിക്കുകയുണ്ടായി എന്ന് അറിയിക്കുമോ;

(സി) തമിഴ്നാട്സംഘം ചേർത്തലയിൽ എത്തി താമസിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച അന്വേഷണം നടത്തുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

'മഴ സമൃദ്ധി ' പദ്ധതി

8169 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി.റ്റി. ബൽറാം
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് 'മഴ സമൃദ്ധി ' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) മഴവെള്ളം കിണറുകളിലേക്ക് റീചാർജ് ചെയ്ത് ജലസമൃദ്ധിയും ജലശുദ്ധിയും ഉറപ്പുവരുത്താൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ജലനിധി രണ്ടാം ഘട്ടം</u>

8170 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വർക്കല കഹാർ
,, പാലോട് രവി
,, അൻവർ സാദത്ത്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

( എ) 'ജലനിധി' രണ്ടാം ഘട്ടം, പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

( ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത്; വിശദാംശങ്ങൾ നൽകുമോ;

(സി ) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതുമൂലം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>സ്വകാര്യ റിസോർട്ടുകൾക്ക് കായൽ-കടൽ തീരങ്ങൾ പതിച്ചുകൊടുക്കൽ</u>

8171 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം
,, എ.എം. ആരിഫ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഈ സർക്കാർ സ്വകാര്യ റിസോർട്ടുകൾക്ക് എവിടെയെങ്കിലും കായൽ-കടൽ തീരങ്ങൾ പതിച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് തീരനിയന്ത്രണ നിയമത്തിനനുസരണമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്വകാര്യ റിസോർട്ടുകളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ഡി) കൈമാറ്റം ചെയ്യുന്ന സ്ഥലത്തിന്റെ വില സംബന്ധിച്ച വകുപ്പുതല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

കനാലുകളുടെയും കായലുകളുടെയും ശുചീകരണത്തിന് നടപടികൾ

8172 ശ്രീ. പി. തിലോത്തമൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കേരളത്തിലെ കനാലുകളെല്ലാം മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞ് വൈവിധ്യമാർന്ന പകർച്ച വ്യാധികളുടെ ഉറവിടങ്ങളായി മാറിക്കഴിഞ്ഞെന്നും വളരെ അടിയന്തരമായ ശുചീകരണപ്രവർത്തനങ്ങൾ ആവശ്യമാണെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ; കനാലുകളുടെയും കായലുകളുടെയും ശുചീകരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ചേർത്തലയിലെ മിൽസ് കനാലും, കുറിയമുട്ടം കായലും, പട്ടണത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന എ.എസ്. കനാലും മാലിന്യ കലവറകളാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; അവ ശുചീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഭൂഗർഭജല സംരക്ഷണം

8173 ശ്രീ. എ.എം. ആരിഫ്

**താഴെ കാണുന്ന ചോദ്യത്തിന്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

കേരളത്തിൽ ശക്തമായ ജലനയം ഇല്ലാത്തതുമൂലമാണ് ഭൂഗർഭ ജലം അമിതമായി ചൂഷണം ചെയ്യുന്നതിനും അതുമൂലം ഭൂഗർഭ ജലനിരപ്പ് താഴുന്നതിനും ഇടയാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

മിഷൻ 676-ന്റെ ഭാഗമായി ജിലവിഭവ വകുപ്പ് എറ്റെടുത്തിട്ടുള്ള പരിപാടികൾ

8174 ശ്രീ. വി. ശശി

**താഴെ കാണുന്ന ചോദ്യത്തിന്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

മിഷൻ 676-ന്റെ ഭാഗമായി ജലവിഭവ വകുപ്പ് എറ്റെടുത്തിട്ടുള്ള പരിപാടികൾക്ക് 2014-15 ലെ ബജറ്റിൽ ഈ പദ്ധതികൾ നടപ്പാക്കാൻ നീക്കിവച്ച തുകയെത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

പറമ്പിക്കുളം-ആളിയാർ നദീജല കരാറുപ്രകാരം കേരളത്തിനു ലഭിക്കേണ്ട ജലം

8175 ശ്രീ. ബി. ഡി. ദേവസ്സി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പറമ്പിക്കുളം - ആളിയാർ നദീജല കരാറുപ്രകാരം കേരളത്തിനു ലഭിക്കേണ്ട ജലം തമിഴ്നാടിൽ നിന്ന് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കരാർ പുതുക്കുന്നതിനും കേരളത്തിന് കൂടുതൽ വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുന്നതിനും ആലോചിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>അച്ചൻകോവിലാറിലും കോട്ടത്തോടിലും ചെക്ക് ഡാമുകൾ</u>

8176 ശ്രീ. ആർ. രാജേഷ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മാവേലിക്കര മണ്ഡലത്തിൽ അച്ചൻകോവിലാറിലും കോട്ടത്തോടിലും ചെക്ക്ഡാം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത രണ്ട് ചെക്ക് ഡാമുകളുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ചെക്ക്ഡാം നിർമ്മിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ചെക്ക്ഡാമുകളുടെ നിർമ്മാണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>കൊടുവള്ളി മണ്ഡലത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജുകൾ</u>

8177

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നിയോജക മണ്ഡലത്തിൽ എത്ര റെഗുലേറ്റർ കം ബ്രിഡ്ജുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) അനുമതി നൽകിയ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) കൊടുവള്ളി ഗ്രാമപഞ്ചായത്തിൽപ്പെട്ട കളരാന്തിരിയിൽ ആർ.സി.ബി. സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ചുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>കുറ്റ്യാടി മൈനർ ഇറിഗേഷൻ കനാലിന് കുറുകെ പാലം</u>

8178 ശ്രീമതി കെ.കെ. ലതിക

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കോഴിക്കോട് ജില്ലയിലെ ഓർക്കാട്ടേരിയിൽ കുറ്റ്യാടി മൈനർ ഇറിഗേഷൻ കനാലിന് കുറുകെ സ്വന്തം ചെലവിൽ ഒരു പാലം നിർമ്മിക്കുവാൻ അനുവാദം ലഭിക്കുന്നതിലേക്ക് കനാലിനു സമീപം താമസിക്കുന്നവർ ഏറാമല ഗ്രാമപഞ്ചായത്ത് തീരുമാനം സഹിതം ഒരു അപേക്ഷ 06.02.2012-ൽ കുറ്റ്യാടി മൈനർ ഇറിഗേഷന്റെ ഡിവിഷൻ ആപ്പീസിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇതേ ആവശ്യാർത്ഥം 18.04.2013-ൽ ബഹു. ജലസേചന വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനം 1023/പി/2013/എം(ഡബ്ല്യൂ.ആർ) നമ്പർ പ്രകാരം തുടർനടപടികൾക്കായി വകുപ്പിൽ ലഭിച്ചിട്ടുണ്ടോ;

(സി) തദ്ദേശവാസികളുടെ ആവശ്യത്തിന്മേൽ കുറ്റ്യാടി മൈനർ ഇറിഗേഷൻ ഡിവിഷനിൽ സ്വീകരിച്ച നടപടികളും അന്തിമമായി നൽകിയ ഉത്തരവും സംബന്ധിച്ച് വിശദമാക്കുമോ;

(ഡി) സ്വന്തംചെലവിൽ കനാലിന് കുറുകെ പാലം നിർമ്മിക്കാൻ തദ്ദേശവാസികൾ പഞ്ചായത്ത് തീരുമാനം സഹിതം സമർപ്പിച്ച ഹർജിയിന്മേൽ തീരുമാനം എടുക്കുന്നതിന് കാലവിളംബം നേരിടുന്നതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ആമത്തറതോട് സ്ലാബിട്ട് മൂടുന്നതിന് പദ്ധതി</u>

8179 ശ്രീ. കെ. മുരളീധരൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) തിരുവനന്തപുരം നഗരത്തിൽ മ്യൂസിയത്തിൽ നിന്നും നളന്ദയിൽ നിന്നും മഴവെള്ളം ഒഴുകി പട്ടത്ത് എത്തിചേരുന്ന ആമത്തറതോട് സ്ലാബിട്ട് മൂടുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നുവോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം ഭാഗത്ത് സ്ലാബ് ഇടുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) നളന്ദയിൽ നിന്നും ചാരാച്ചിറ റോഡ് വരെയുള്ള ഭാഗത്ത് സ്ലാബ് ഇടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഭാഗത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലം പരിസര വാസികൾക്കുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് പ്രവൃത്തികൾ

8180

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കഴിഞ്ഞ സാമ്പത്തിക വർഷം റിവർമാനേജ്മെന്റിന് കോഴിക്കോട് ജില്ലയിൽ എത്ര രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയത്; മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രവൃത്തി ആവശ്യമുള്ള സ്ഥലങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(സി) എന്ത് മാനദണ്ഡ പ്രകാരമാണ് ഫണ്ട് അനുവദിക്കുന്നത്;

(ഡി) കൊടുവള്ളി നിയോജക മണ്ഡലത്തിൽ ഈ വർഷം എത്ര തുക ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പ്രാദേശിക ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം</u>

8181 ശ്രീ. എം. ഹംസ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പ്രാദേശിക ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ ചെയ്യുന്നതിനായി ഈ സർക്കാർ 1.7.2011 മുതൽ 31.3.2014 വരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എന്തു തുക വിനിയോഗിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2012-13, 2013-14 വർഷങ്ങളിൽ എത്ര കുളങ്ങൾ പുനരുദ്ധരിച്ചു; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ ;

(സി) മേൽ കാലയളവിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങൾ ആണ് പുനരുദ്ധരിച്ചത് ; എന്തു തുക അനുവദിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

പുന്നക്കാമുഗൾ വാർഡിലെ കൊട്ടൂർകോണം കുളത്തിന്റെ നവീകരണം

8182

ശ്രീ. വി. ശിവൻകുട്ടി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) നേമം നിയോജക മണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിലെ കൊട്ടൂർകോണം കുളത്തിന്റെ നവീകരണ ശുചീകരണ പ്രവൃത്തി ഏറ്റെടുത്ത് ആരംഭിച്ചത് എന്നാണ് എന്നറിയിക്കുമോ;

(ബി) പ്രസ്തുത കുളം നവീകരിച്ച് ശുചീകരിക്കുന്നതിന് കരാറുകാരന് അനുവദിച്ച കാലാവധി എത്രയാണെന്നും ആയത് എന്നുമുതൽ എന്നുവരെ ആണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും ആയത് എന്നത്തേക്കു പൂർത്തിയാവും എന്നും വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

കരുനാഗപ്പള്ളി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന മിഷൻ 676-ലെ പദ്ധതികൾ

8183

ശ്രീ. സി. ദിവാകരൻ

**താഴെ കാണുന്ന ചോദ്യത്തിന്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

മിഷൻ 676-ൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ചടയമംഗലം മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

8184

ശ്രീ. മുല്ലക്കര രത്നാകരൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏറ്റെടുത്തതും പൂർത്തിയാക്കിയതുമായ വികസന പദ്ധതികൾ വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര ചെലവഴിച്ചെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പദ്ധതികൾ</u>

8185 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി/സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഭരണാനുമതി/സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളിന്മേലുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

പഴശ്ശി പദ്ധതി സ്ഥലം കൈമാറുന്നതിന് നടപടി

8186 ശ്രീ. കെ. എം. ഷാജി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) അഴീക്കോട് നിയോജകമണ്ഡലത്തിലെ നാറാത്ത് ഗ്രാമപഞ്ചായത്തിന് അംഗൻവാടി നിർമ്മിക്കുന്നതിന് പഴശ്ശിപദ്ധതിയുടെ സ്ഥലം കൈമാറുന്നതിന് നാറാത്ത് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിൽ എന്തുനടപടി സ്വീകരിച്ചു ;എന്ന് വ്യക്തമാക്കുമോ

(ബി) പ്രസ്തുത വിഷയത്തിൽ കോഴിക്കോട്, ഇറിഗേഷൻ പ്രോജക്ട്സ് ചീഫ് എഞ്ചീനീയർ സർക്കാരിലേക്ക് അയച്ച 09.04.2014-ലെ ഇ 4/1669/2014 നമ്പർ കത്തിൻമേൽ അന്തിമ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) പഴശ്ശി പദ്ധതിയുടെ സ്ഥലത്തിൽ നിന്ന് മൂന്ന് സെന്റ് സ്ഥലം നാറാത്ത് ഗ്രാമപഞ്ചായത്തിന് അംഗൻവാടി നിർമ്മിക്കുന്നതിനുവേണ്ടി കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ; എന്നത്തേക്ക് നടപടി ക്രമങ്ങൾ പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

പി.ഐ.പി. വക സ്ഥലം പത്തിയൂർ പഞ്ചായത്തിന് വിട്ടുനൽകണമെന്ന അപേക്ഷ

8187 ശ്രീ. സി.കെ. സദാശിവൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട പത്തിയൂർ ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായി കിടക്കുന്ന പി.ഐ.പി വക സ്ഥലം പഞ്ചായത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി വിട്ടുനൽകണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(സി) പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പത്തിയൂർ വില്ലേജിൽ സർവ്വേ നം. 790, 791, 800/12, 800/23, 800/10, 11, 806/23, 828/16, 834/14 മുതൽ 30 വരെയുള്ള പി.ഐ.പി വക ഉപയോഗശൂന്യമായ സ്ഥലം പഞ്ചായത്തിന്റെ വിവിധ ആവശ്യങ്ങൾക്ക് പതിച്ചു കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ കായലോരവാസികളുടെ സുരക്ഷ</u>

8188 ശ്രീ. എസ്. ശർമ്മ

**താഴെ കാണുന്ന ചോദ്യത്തിന്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

വൈപ്പിൻ മണ്ഡലത്തിലെ കായലോരവാസികളുടെ സുരക്ഷയ്ക്കായി 661.55 ലക്ഷം രൂപ മുടക്കി പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തിയുടെയും പേര്, എസ്റ്റിമേറ്റ് തുക, നിർമ്മാണം പൂർത്തിയാക്കിയ തീയതി, ചെയിനേജ് എന്നിവ വിശദീകരിക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

കല്ലട ഇറിഗേഷൻ പദ്ധതിയുടെ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ റോഡുകൾ

8189 ശ്രീമതി അയിഷാ പോറ്റി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ എത്ര കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകൾ ഉണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി എത്ര രൂപ അനുവദിച്ചിരുന്നു ; നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത റോഡുകളിൽ ഇനിയും നവീകരണം നടത്തേണ്ട ഭാഗങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ജലമണി പദ്ധതി

8190 ശ്രീ. ഇ.പി. ജയരാജൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഗ്രാമീണ മേഖലയിലെ വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള ജലമണി പദ്ധതിക്ക് എന്തു തുകയാണ് അനുവദിച്ചത്;
ഏതു വർഷമാണ് അനുവദിച്ചത് ;

(ബി) പദ്ധതി നടത്തിപ്പിനായി എത്ര സ്കൂളുകളെ തെരഞ്ഞെടുക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്;എത്ര സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി;

( സി) 2009-ൽ ജലമണി പദ്ധതിയുടെ ഫണ്ട് ലഭിച്ചിട്ടും ലക്ഷ്യമിട്ട സ്കൂളുകളിൽ ഇതുവരെയും പദ്ധതി നടപ്പിലാക്കുവാൻ കഴിയാതെവന്നതെന്തുകൊണ്ടാണെന്നറിയിക്കുമോ;

(ഡി) പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>കേരള ജല അതോറിറ്റിയുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ</u>

8191 ശ്രീ. ഇ.പി. ജയരാജൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കേരള ജല അതോറിറ്റിയുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2009 മുതൽ 2014 വരെയുള്ള കാലയളവിൽ സർക്കാരിന്റെ ധനസഹായമായി ലഭിച്ച തുക എത്രയാണ്;ഇതിൽ എന്തു തുക ചെലവഴിക്കുകയുണ്ടായി;

(ബി) ജല അതോറിറ്റിയുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി നബാർഡിൽ നിന്ന് എന്തു തുക വായ്പയായി ലഭിക്കുകയുണ്ടായി; വായ്പ ലഭിച്ചത് ഏത് വർഷത്തിലായിരുന്നു;ഇതിൽ എത്ര തുക ചെലവഴിക്കുകയുണ്ടായി;

(സി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ലഭിച്ച സർക്കാർ ധനസഹായവും നബാർഡ് വായ്പയും സമയോചിതമായി ചെലവഴിക്കാത്തതു സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നിരീക്ഷണത്തിന്മേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

എം.എൽ.എയുടെ മണ്ഡലം ആസ്തി വികസന ഫണ്ടുപയോഗിച്ച് മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

8192 ശ്രീ. പി. ഉബൈദുള്ള

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മലപ്പുറം മണ്ഡലത്തിൽ എം.എൽ.എയുടെ 2013-14 വർഷത്തെ മണ്ഡലം ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ബി) 20/6/2013 ന് പദ്ധതിയുടെ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടും നാളിതുവരെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനോ തുടർ നടപടികൾ സ്വീകരിക്കുന്നതിനോ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഓരോ പദ്ധതിയിലും ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) സാങ്കേതിക തടസ്സങ്ങൾമൂലം കുടിവെള്ള പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ബുദ്ധിമുട്ടുണ്ടെങ്കിൽ വിവരം എം.എൽ.എയെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) 2013-14 വർഷത്തെ ആസ്തിഫണ്ടിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

തിരുവനന്തപുരം നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും കുടിവെള്ള വിതരണം

8193 ശ്രീ. വി. ശിവൻകുട്ടി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) തിരുവനന്തപുരം നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും കുടിവെള്ള വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പേപ്പാറ ഡാമിന്റെ ഉയരവും സംഭരണ ശേഷിയും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് എന്നത്തേക്കു നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ആയത് അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതി

8194 ശ്രീ. ഇ.പി. ജയരാജൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതിക്ക് നബാർഡ് ധനസഹായം ലഭിക്കുന്നതിനുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സഹിതമുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഇതിന്മേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>കോങ്ങാട് മണ്ഡലത്തിലെ കുടിവെള്ള വിതരണം</u>

8195 ശ്രീ. കെ. വി. വിജയദാസ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കോങ്ങാട് മണ്ഡലത്തിൽ കുടിവെള്ളവിതരണത്തിനായി എത്ര ഡി.പി.ആർ. വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം നൽകുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>മുതലമട പഞ്ചായത്തിലെ കുടിവെള്ളക്ഷാമം</u>

8196 ശ്രീ. വി. ചെന്താമരാക്ഷൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ കുടിവെള്ളം നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് മുതലമട പഞ്ചായത്തിലുള്ളതെന്ന് വിശദമാക്കുമോ;

(സി) മുതലമട പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിന് ചുള്ളിയാർ ഡാം ജലസ്രോതസായി വിപുലമായ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; നിലവിൽ ഇതുസംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം ഉണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പുറക്കാട് പഞ്ചായത്തിലെ കുടിവെള്ളക്ഷാമം</u>

8197 ശ്രീ. ജി. സുധാകരൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ പുറക്കാട് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്ത് അടിയന്തര നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയിലെ തസ്തികകൾ</u>

8198 ശ്രീ. വി. ശിവൻകുട്ടി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കേരള വാട്ടർ അതോറിറ്റിയിൽ എത്ര തസ്തികകളാണ് നിലവിൽ ഉള്ളതെന്നും ഇവയിൽ ഏതെല്ലാം തസ്തികകൾക്കാണ് പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളതെന്നും അവയിൽ ഏതെല്ലാം തസ്തികകളിലേക്കുള്ള എത്ര വീതം ഒഴിവുകളാണ് പി.എസ്.സി.യെ അറിയിച്ചിട്ടുള്ളതെന്നും അറിയിക്കുമോ;

(ബി) ഇപ്പോൾ ഒഴിവുള്ള തസ്തികകളിലെ ജീവനക്കാരുടെ കുറവ് വാട്ടർ അതോറിറ്റി എങ്ങനെയാണ് പരിഹരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

**<u>വാട്ടർ അതോറിറ്റി ജീവനക്കാരുടെ ആനുകൂല്യങ്ങൾ</u>**

8199 ശ്രീ. വി. ശിവൻകുട്ടി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാന സർക്കാർ ജീവനക്കാർ വർഷങ്ങളായി അനുഭവിച്ചുവരുന്ന, മെഡിക്കൽ ആനുകൂല്യങ്ങൾക്കുമേൽ വാട്ടർ അതോറിറ്റിയിൽ എന്തെങ്കിലും മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മേൽപറഞ്ഞ ആനുകൂല്യങ്ങളെ അട്ടിമറിച്ചുകൊണ്ട് ജല അതോറിറ്റി മാനേജ്മെന്റ് ഏകപക്ഷീയമായി നടപ്പിലാക്കിയ പുതിയ മാറ്റങ്ങൾ റദ്ദാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

വാട്ടർ അതോറിറ്റി ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകാൻ നടപടി

8200 ശ്രീ. വി. ശിവൻകുട്ടി

**താഴെ കാണുന്ന ചോദ്യത്തിന്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

കേരള വാട്ടർ അതോറിറ്റിയിൽ ജീവനക്കാർക്ക് അർഹതപ്പെട്ട ഗ്രേഡ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടതു സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി വകുപ്പുമന്ത്രി ചർച്ചകൾ നടത്തിയെങ്കിലും ഇക്കാര്യത്തിൽ പരിഹാരം ഉണ്ടായിട്ടില്ലാത്തതിനാൽ, ആയതിന് പരിഹാരമുണ്ടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റി മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ</u>
<u>കാര്യാലയത്തിലെ തസ്തികകൾ</u>

8201 ശ്രീ. പി. ഉബൈദുള്ള

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കേരള വാട്ടർ അതോറിറ്റി മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ വിവിധ സെക്ഷനുകളിലായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്; അവ ഏതെല്ലാം എന്നറിയിക്കുമോ;

(സി) സർക്കാരിന്റെ പൊതുപദ്ധതികൾക്കും എം.എൽ.എമാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജീവനക്കാരുടെ കുറവ് ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഓഫീസിൽ അടിയന്തരമായി ജീവനക്കാരെ നിയമിക്കുന്നതിനും കൃത്യമായി പദ്ധതി എസ്റ്റിമേറ്റുകൾ സമർപ്പിക്കുന്നതിനും കർശന നിർദ്ദേശം നൽകുമോ?